പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5231 | 27.06.2019 ൽ മറുപടിയ്ക്ക്

## സപ്ലൈകോയുടെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ പദ്ധതികൾ

ചോദ്യം
ശ്രീ.അൻവർ സാദത്ത്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതിയ പദ്ധതികൾ ആവിഷ്കരിച്ചും നിലവിലുള്ള ഔട്ട് ലെറ്റുകൾ മോടി പിടിപ്പിച്ചും സപ്ലൈകോയുടെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നിലവിലെ മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനീകരിക്കുകയും പുതിയ റാക്കുകൾ, ഫർണീച്ചറുകൾ, വെയിങ് മെഷീൻ, സി.സി.ടി.വി., ജനറേറ്റർ, കമ്പ്യൂട്ടർ, പ്രിൻറർ, ബാർ കോഡ് റീഡർ, നെയിംബോർഡ് തുടങ്ങിയവ സ്ഥാപിച്ച് പെയിൻറിങ് നടത്തി നവീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>നവീകരണ പദ്ധതിയുടെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി 86 സപ്ലൈകോ വിൽപ്പനശാലകൾ നവീകരിക്കുകയും ആയതിന് ഏകദേശം 7.07 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് നൂറോളം വിൽപ്പനശാലകൾകൂടി നവീകരിക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 19 വിൽപ്പനശാലകളോട് ചേർത്ത് ഗൃഹോപകരണ വിൽപ്പന ആരംഭിക്കുകയുണ്ടായി. 51 വിൽപ്പനശാലകളിൽക്കൂടി ഗൃഹോപകരണ വിൽപ്പന ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനുപുറമേ കയർ ഉൽപ്പന്നങ്ങളും, ജൈവ ഉൽപ്പന്നങ്ങളും സൂപ്പർ മാർക്കറ്റുകളിൽക്കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ലിറ്ററിന് 11/- രൂപ മാത്രം വില ഈടാക്കിക്കൊണ്ട് വിൽപ്പനശാലകളിലൂടെ കുപ്പിവെള്ളം വിതരണം നടത്തി വരുന്നു. റേഷൻ കടകളിലൂടെ സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, കുടിവെള്ളം എന്നിവ വിതരണം ചെയ്യുന്ന പദ്ധതിയും പുതിയ തലമുറയിലെ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി ഷോപ്പിംഗ് സൗകര്യമൊരുക്കുന്ന |

| | | | |
|---|---|---|---|
| | | | ഇ-കൊമേഴ്സ് വികസിപ്പിക്കുന്നതിനുള്ള നടപടികളും സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത 21 പഞ്ചായത്തുകളിൽക്കൂടി പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പരിഗണനയിലാണ്. നോൺ മാവേലി സാധനങ്ങളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി വിവിധ ബ്രാന്റഡ് കമ്പനികളുമായി ചേർന്ന് സെയിൽസ് പ്രൊമോഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | സപ്ലൈകോയുടെ നിലവിലുള്ള വിറ്റുവരവ് പ്രതിവർഷം എത്രയാണ്; ഇത് വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | സപ്ലൈകോയുടെ കഴിഞ്ഞ വർഷത്തെ വിറ്റുവരവ് 3,717.27 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം 4,500 കോടി രൂപയുടെ വിറ്റുവരവാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത വിൽപ്പനശാലകൾ വഴി ഗൃഹോപകരണ വിൽപ്പന ആരംഭിച്ചും ആകർഷകമായ പരസ്യങ്ങളിലൂടെ ശബരി ബ്രാൻറ് ഉൽപ്പന്നങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് വിവിധ ബ്രാന്റഡ് കമ്പനികളുമായി ചേർന്ന് സെയിൽസ് പ്രൊമോഷൻ പദ്ധതികൾ നടപ്പിലാക്കിയും സപ്ലൈകോ യുടെ ഉൽപ്പന്നങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്തും സപ്ലൈകോയുടെ ഈ വർഷത്തെ വിറ്റുവരവ് നാലായിരത്തി അഞ്ഞൂറ് കോടി രൂപയാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. |
| (സി) | സപ്ലൈകോയുടെ കുപ്പിവെള്ള വില്പന പദ്ധതി വിജയകരമാണോ; റേഷൻ കടകൾ വഴി ഇത് കൂടുതൽ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | സപ്ലൈകോയുടെ കുപ്പിവെള്ള പദ്ധതി വിജയകരമാണ്. റേഷൻകടകൾ വഴി ഇത് കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | കുപ്പിവെള്ള കമ്പനികളുടെ ചൂഷണം അവസാനിപ്പി ക്കുവാൻ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | കുപ്പിവെള്ള കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്ന തിനുള്ള നടപടികളുടെ ഭാഗമായി സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലൂടെയും ലിറ്ററിന് 11/- രൂപ നിരക്കിൽ കുപ്പിവെള്ളം വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ